## വിഹിതമടയ്ക്കാൻ വൈകിയത് മനഃപൂർവ്വമല്ല: ഡാമേജസ് 20% ആയി കുറച്ചതിൽ തെറ്റില്ല

## പഞ്ചാബ്-ഹരിയാന ഹൈക്കോടതി

C.W.P. No. 28997/2013 Dt. 20.3.2020

സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസ്

x

പഞ്ച് സെക്യൂരിറ്റി സർവീസസ് ഏന്റ് ഹൗസ് കീപ്പിങ് സർവീസസ് പി. ലിമിറ്റഡ്

വിവിധ സ്ഥാപനങ്ങളിലേക്ക് സുരക്ഷാ ജോലിക്കാരെയും ശുചീകരണ ജോലിക്കാരെയും കരാറടിസ്ഥാനത്തിൽ നിയമിച്ചുകൊടുക്കുന്ന സേവനമാണ് കമ്പനി നടത്തുന്നത്. കമ്പനിക്ക് ഇ.പി.എഫ്. നിയമം ബാധകമാണ്. പ്രധാന തൊഴിലുടമകളിൽ നിന്ന് പണം ലഭിച്ചതിനു ശേഷമാണ് കമ്പനി ഇ.പി.എഫ്. വിഹിതം അടച്ചിരുന്നത്. അപ്രകാരമിരിക്കെ 2012-2014 കാലയളവിൽ പ്രധാന തൊഴിലുടമകളിൽ നിന്ന് യഥാസമയം കമ്പനിക്ക് പണം ലഭിച്ചില്ല. പണം ലഭിച്ചയുടനെ കരാർ തൊഴിലാളികളുടെ വിഹിതം കമ്പനി അടയ്ക്കുകയും ചെയ്തു. വൈകി വിഹിതമടച്ചതിനെത്തുടർന്ന് ഡാമേജസ് ചുമത്തിക്കൊണ്ട് ഇ.പി.എഫ്. കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ കരാർ കമ്പനി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. പ്രധാന തൊഴിലുടമകളിൽ നിന്ന് പണം ലഭിക്കാൻ വൈകിയതിന്റെ പേരിൽ വിഹിതമടയ്ക്കാൻ കാലതാമസം നേരിട്ടു എന്ന കാരണത്താൽ 100% ഡാമേജസ് ചുമത്തിയത് തെറ്റാണെന്ന് വിലയിരുത്തിയ ട്രൈബ്യൂണൽ ഡാമേജസ് 20% ആയി കുറച്ചു. ഇതിനെതിരെ സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. നിയമാനുസൃതമായാണ് ഡാമേജസ് ചുമത്തിയതെന്നും അത് കുറച്ചത് തെറ്റായ നടപടിയാണെന്നും ഇ.പി.എഫ്. അധികൃതർ വാദിച്ചു. സാമ്പത്തിക ഞെരുക്കവും പ്രധാന തൊഴിലുടമകളിൽ നിന്ന് കൃത്യസമയത്ത് പണം ലഭിക്കാതിരുന്നതും മൂലമാണ് യഥാസമയം വിഹിതമടയ്ക്കാൻ കഴിയാതെ പോയതെന്ന് കമ്പനി ചൂണ്ടിക്കാട്ടി. പ്രധാന തൊഴിലുടമകളിൽ നിന്ന് പണം ലഭിച്ചതിനു ശേഷം ഒരു നിമിഷം പോലും പ്രസ്തുത തുക തങ്ങൾ കൈവശം വച്ചിട്ടില്ലെന്നും വിഹിതമടയ്ക്കാൻ വൈകിയത് മനഃപൂർവ്വമല്ലെന്നും കമ്പനി വാദിച്ചു. സാഹചര്യങ്ങൾ വിലയിരുത്താതെ ഇ.പി.എഫ്. അധികൃതർ യാന്ത്രികമായാണ് ഡാമേജസ് ചുമത്തിയതെന്നും അത് 20% ആയി കുറവ് ചെയ്തത് ന്യായമായ നടപടിയാണെന്നും കമ്പനി വാദിച്ചു. വിഹിതമടയ്ക്കാൻ വൈകിയാൽ ഡാമേജസ് ചുമത്താൻ വ്യവസ്ഥയുണ്ടെന്ന് കരുതി എല്ലായ്പ്പോഴും ഡാമേജസ് ചുമത്തണമെന്ന് നിർബ്ബന്ധമില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. സാമ്പത്തിക ഞെരുക്കമുൾപ്പെടെയുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് ട്രൈബ്യൂണൽ ഡാമേജസ് 20% ആയി കുറച്ചതിൽ തെറ്റില്ലെന്നും മനഃപൂർവ്വമല്ലാത്ത വീഴ്ചകൾക്ക് പിഴ ചുമത്തുന്നത് നിയമാനുസൃതമല്ലെന്നും വിലയിരുത്തിയ ഹൈക്കോടതി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും ഇ.പി.എഫ്. ഓർഗനൈസേഷന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.